©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

tlcf Kkdd

KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

വാല്യം 3 Vol. III	തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday	2014 ആഗസ്റ്റ് 19 19th August 2014 1190 ചിങ്ങം 3 3rd Chingam 1190 1936 ശ്രാവണം 28 28th Sravana 1936	നമ്പർ No. 33

PART III

Drugs Control Department

ഔഷധ ഗുണ നിയന്ത്രണ വകുപ്പ്, കേരള പൗരാവകാശ രേഖ

(I) ലക്ഷ്യം

ഔഷധങ്ങളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഉത്പാദന വിതരണ വിപണന പ്രക്രിയ നിയന്ത്രിച്ച് അവയുടെ ഗുണനിലവാരം ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം.

(II) പ്രധാന പ്രവർത്തനങ്ങൾ

വകുപ്പിന്റെ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നവയാണ്.

(1) ഔഷധങ്ങളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഉത്പാദനം, വിതരണം, വിൽപ്പന എന്നിവ നിയന്ത്രിക്കുക.

(2) വ്യാജവും മായം ചേർന്നവയും ഗുണനിലവാരമില്ലാത്തതുമായ ഔഷധങ്ങളും സൗന്ദര്യ വർദ്ധക വസ്തുക്കളും കണ്ടെത്തി അവയുടെ വിതരണവും വിൽപ്പനയും തടയുക.

(3) നിരോധിക്കപ്പെട്ട ഔഷധങ്ങളുടെ ഉൽപാദനവും വിതരണവും തടയുക.

(4) ഔഷധങ്ങൾക്ക് അമിതമായ വില ഈടാക്കുന്നത് തടയുക.

(5) ഔഷധങ്ങളെക്കുറിച്ചുള്ള വാസ്തവവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ പരസ്യങ്ങൾ നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യുക.

(6) സർക്കാർ മരുന്നുകളും ബന്ധപ്പെട്ട വസ്തുക്കളും അനധികൃതമായി കൈവശം വയ്ക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

(III) ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ

താഴെ സൂചിപ്പിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തുന്നത്.

(എ) 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ്.

(ബി) 1995-ലെയും 2013-ലെയും ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഉത്തരവ്.

(സി) ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്റ്റ് 1954, റൂൾസ് 1955.

(ഡി) ദി കേരള ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലാഫുൾപൊസ്സഷൻ ആക്റ്റ്) 1971.

(ഇ) 1996-ലെ കേരളാ പോയിസൺ റൂൾസ്.

(എഫ്) നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈകോട്രോപ്പിക് സബ്സ്റ്റൻസ് റൂൾസ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന നിയമങ്ങളനുസരിച്ച് ഈ വകുപ്പ് താഴെപ്പറയുന്ന സേവനങ്ങൾ നൽകുന്നു.

(1) മരുന്ന് നിർമ്മാണ/വിതരണ ലൈസൻസുകൾ.

(2) ബ്ലഡ് ബാങ്ക്/ബ്ലഡ് സ്റ്റോറേജ് ലൈസൻസുകൾ.

(3) പോയിസൺ ലൈസൻസുകൾ/പെർമിറ്റുകൾ.

(4) നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റ്.

(5) പാലിയേറ്റീവ് സെന്ററുകൾക്കുള്ള ഓറൽ മോർഫിൻ മരുന്നുകളുടെ അലോട്ട്മെന്റ്.

(6) മരുന്നുകൾ, കോസ്മെറ്റിക്കുകൾ, സാമ്പിളുകൾ എന്നിവയുടെ ഗുണനിലവാര പരിശോധന.

(7) പരാതികളുടെ അന്വേഷണവും നടപടിയും.

(8) മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധന.

(9) നിയമലംഘനങ്ങളുടെ മേൽ നിയമ നടപടികൾ.

(IV) വകുപ്പിന്റെ വിഭാഗങ്ങൾ

വകുപ്പിന് രണ്ടു പ്രധാന വിഭാഗങ്ങളാണുള്ളത്.

(എ) എൻഫോഴ്സ്മെന്റ് വിഭാഗം

ഔഷധങ്ങളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും ഉത്പാദനം, വിതരണം, വിപണനം സംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുകയെന്ന ഉത്തരവാദിത്വം നിർവഹിക്കുന്നത് ഈ വിഭാഗമാണ്. വിവിധതരം മരുന്നുകളുടേയും കോസ്മെറ്റിക്കുകളുടേയും സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കുന്നതും ഈ വിഭാഗമാണ്.

(ബി) പരിശോധന വിഭാഗം

തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയാണ് ഔഷധങ്ങളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടെയും സാമ്പിളുകൾ പരിശോധിച്ച് അപഗ്രഥനം നടത്തുന്നതിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്ന വിഭാഗം.

പൊതുജനങ്ങൾക്ക് ഒരു ഔഷധത്തെപ്പറ്റി (അതിന്റെ ചേരുവകളേയും ഗുണങ്ങളേയുംപറ്റി) എന്തെങ്കിലും സംശയങ്ങൾ ഉള്ളപക്ഷം അവർക്ക് പ്രസ്തുത ഔഷധ സാമ്പിൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി നിശ്ചിത ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്.

അപേക്ഷയും സാമ്പിളും ലഭിച്ച് കഴിഞ്ഞാൽ വിവിധ സെക്ഷനുകളിൽ സാമ്പിൾ പരിശോധന നടത്തി റിസൾട്ട് അപേക്ഷകന് എത്രയുംവേഗം ലഭ്യമാക്കുന്നതാണ്. റിസൾട്ട് നേരിട്ടും കൈപ്പറ്റാവുന്നതാണ്.

(V) ലൈസൻസ് നൽകൽ

ലൈസൻസിംഗ് സമ്പ്രദായവും കാലാകാലങ്ങളിലുള്ള പരിശോധനകളും മുഖേനയുമാണ് ആക്റ്റിലേയും റൂളിലേയും നിയമങ്ങൾ പ്രാവർത്തികമാക്കുന്നത്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി മരുന്നുകളും സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണവും വില്പനയും നടത്തുന്നതിനും ഘടകങ്ങളുടെ സംസ്കരണത്തിനും ലൈസൻസുകൾ നൽകുന്നതാണ്.

(എ) ലൈസൻസ് നൽകുന്ന അധികാരി

അലോപ്പതി, ഹോമിയോപ്പതി മരുന്നുകൾ, സൗന്ദര്യ വർദ്ധകവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള ലൈസൻസ് നൽകുന്ന അധികാരി ഡ്രഗ്സ് കൺട്രോളർ ആണ്.

രക്ത ബാങ്കുകളുടെ നടത്തിപ്പിനും വാക്സിൻ, സീറ-ഐ.വി.ഫ്ളൂയിഡ് എന്നിവയുടെ നിർമ്മാണത്തിനുമുള്ള ലൈസൻസുകൾ, സംസ്ഥാന ഡ്രഗ്സ് കൺട്രോളറും സെൻട്രൽ ഡ്രഗ്സ് കൺട്രോളറുമാണ് നൽകുന്നത്.

(ബി) ലൈസൻസുകൾ

അപേക്ഷകൾ നിശ്ചിത ഫോറത്തിൽ മതിയായ രേഖകളോടെ ആവശ്യമായ ഫീസ് ഒടുക്കി ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർക്ക് നൽകേണ്ടതാണ്. ഔഷധ നിർമ്മാണ ലൈസൻസിനുള്ള ഫീസുകൾ താഴെ സൂചിപ്പിക്കുന്നു.

അലോപ്പതി മരുന്നുകൾ— ` 7,500.

കോസ്മെറ്റിക്സ്— ` 3,500.

ഹോമിയോപ്പതി മരുന്നുകൾ— ` 300.

ആയൂർവേദ ഔഷധങ്ങൾ— ` 1,000.

ലൈസൻസ് അനുവദിക്കുമ്പോൾ അംഗീകാരം ലഭിക്കാത്തതും പുതുതായി അംഗീകാരം ലഭിക്കാനുമുള്ള ഔഷധങ്ങൾക്ക് അധിക ഫീസ് ഒടുക്കിയിരിക്കണം. ഔഷധ നിർമ്മാണത്തിനും വിൽപ്പനയ്ക്കും ആവശ്യമായ സൗകര്യങ്ങൾ താഴെ കൊടുത്തിട്ടുള്ള ബന്ധപ്പെട്ട നിയമാവലിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ സജ്ജീകരിച്ചിരിക്കണം.

അലോപ്പതി മരുന്നുകൾ	ഷെഡ്യൂൾ	എം	ഡി ആന്റ് സി ആക്റ്റ്
ഹോമിയോപ്പതി മരുന്നുകൾ	,,	എം I	
കോസ്മെറ്റിക്സ്	,,	എം II	
കോസ്മെറ്റിക്സ്	,,	എം II	
ആയൂർവേദ ലൈസൻസ്	,,	റ്റി	
ബ്ലഡ് ബാങ്ക്, ബ്ലഡ് ഘടകങ്ങൾ	,,	എഫ്	

എല്ലാവിധ ഔഷധ നിർമ്മാണ ലൈസൻസുകളും അപേക്ഷ ലഭിച്ച് മൂന്നുമാസത്തിനകം അനുവദിക്കുന്നതാണ്.

(സി) സർട്ടിഫിക്കറ്റുകൾ

ഈ കാര്യാലയത്തിൽ നിന്നും താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

(i) അലോപ്പതി ജി.എം.പി. സർട്ടിഫിക്കറ്റ് (ഇന്ത്യൻ) ഫീസ്	` 2,500
ലോകാരോഗ്യ സംഘടന ജി.എം.പി. സർട്ടിഫിക്കറ്റ് ഫീസ്	` 5,000
സർട്ടിഫിക്കറ്റ് ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട്സ്	` 5,000
ആയൂർവേദ, യൂനാനി, സിദ്ധ ജി.എം.പി. സർട്ടിഫിക്കറ്റ്	` 2,500

(ii) നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ്

താഴെ പറയുന്ന പ്രകാരം വെള്ളക്കടലാസിൽ നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ രസീത് സഹിതം അപേക്ഷ നൽകേണ്ടതാണ്.

അലോപ്പതി മരുന്ന്/കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റ്	` 1,100
ആയൂർവേദ, ഹോമിയോപ്പതി നിർമ്മാണ യൂണിറ്റുകൾ	` 550
വിൽപ്പനശാലകൾ	` 550

(iii) മാർക്കറ്റ് സ്റ്റാൻഡിംഗ് സർട്ടിഫിക്കറ്റ്.

അപേക്ഷ നിശ്ചിത ഫീസൊടുക്കി ചെലാൻ രസീത് സഹിതം സമർപ്പിക്കണം.

ഫീസ്:—അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ്	` 1,100
ആയൂർവേദ/ഹോമിയോ മരുന്ന് നിർമ്മാണ യൂണിറ്റ്	` 550

(iv) കാലാവധി സർട്ടിഫിക്കറ്റ്.

അപേക്ഷ താഴെപ്പറയും പ്രകാരം നിശ്ചിത ഫീസൊടുക്കി ചെലാൻ രസീത് സഹിതം സമർപ്പിക്കണം.

അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ്	` 1,100
ആയൂർവേദ/ഹോമിയോ മരുന്ന് നിർമ്മാണ യൂണിറ്റ്	` 550
വിൽപ്പനശാലകൾ	` 55

(v) സർട്ടിഫിക്കറ്റ് ഓഫ് പെർഫോമൻസ്.

അപേക്ഷ താഴെപ്പറയും പ്രകാരം നിശ്ചിത ഫീസൊടുക്കി ചെലാൻ രസീത് സഹിതം സമർപ്പിക്കണം.

അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ്	` 1,100
ആയൂർവേദ/ഹോമിയോ മരുന്ന് നിർമ്മാണ യൂണിറ്റ്	` 550

(vi) സർട്ടിഫിക്കറ്റ് ഓഫ് കപ്പാസിറ്റി

അപേക്ഷ താഴെപ്പറയും പ്രകാരം നിശ്ചിത ഫീസൊടുക്കി ചെലാൻ രസീത് സഹിതം സമർപ്പിക്കണം.

അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ്	` 1,100
ആയൂർവേദ/ഹോമിയോ മരുന്ന് നിർമ്മാണ യൂണിറ്റ്	` 550

(vii) പ്ലാൻ അംഗീകരിക്കൽ.

വിശദമായ പ്ലാൻ ` 1,100 ഫീസൊടുക്കിയ ചെലാൻ രസീത് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുക.

(VI) വിൽപ്പനയ്ക്കുള്ള ലൈസൻസുകൾ (അലോപ്പതി/ഹോമിയോ)

മൊത്ത-ചില്ലറ ഔഷധ വ്യാപാരത്തിനുള്ള ലൈസൻസുകൾ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരാണ് നൽകുന്നത്. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും അവരുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളും താഴെ പറയും പ്രകാരമാണ്.

എ.ഡി.സി., തിരുവനന്തപുരം—തിരുവനന്തപുരം ജില്ല.

എ.ഡി.സി., കൊല്ലം—കൊല്ലം, കോട്ടയം, പത്തനംതിട്ട ജില്ലകൾ.

എ.ഡി.സി., എറണാകുളം—എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകൾ.

എ.ഡി.സി., തൃശ്ശൂർ—തൃശ്ശൂർ, പാലക്കാട് ജില്ലകൾ.

എ.ഡി.സി., കോഴിക്കോട്—കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകൾ.

എ.ഡി.സി., കണ്ണൂർ—കണ്ണൂർ, കാസറഗോഡ് ജില്ലകൾ.

മേൽ പറഞ്ഞ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരുടെ കാര്യാലയങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ പറയുന്നവയാണ്.

1. മരുന്നുകളുടെ ഹോൾസെയിൽ, റീട്ടെയിൽ വിൽപ്പന ലൈസൻസ്

ഹോൾസെയിൽ, റീട്ടെയിൽ ഡ്രഗ്സ് ലൈസൻസിന് വേണ്ടി അതാത് മേഖലയിലെ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിക്കുന്നതിനെ തുടർന്ന് ഇൻസ്പെക്ഷൻ നടത്തി തുടർ നടപടികൾ എടുക്കുന്നു. ഈ ലൈസൻസുകൾക്ക് ചെലാൻ മുഖേന ഫീസ് അടയ്ക്കേണ്ടതാണ്. വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് 0210-04-104-99.

2. പോയ്സൺ പെർമിറ്റ്/ലൈസൻസ്.

മീഥൈൽ ആൽക്കഹോൾ സൈനൈഡുകൾ, ക്ലോറാൽ ഹൈഡ്രേറ്റ് എന്നീ വിഷ വസ്തുക്കൾക്കുള്ള പോയ്സൺ പെർമിറ്റ്/ലൈസൻസ് എന്നിവയ്ക്കുവേണ്ടി നൽകുന്ന അപേക്ഷയോടൊപ്പം നിർദ്ദിഷ്ട ഫീസ് ഒടുക്കിയ ചെലാൻ രസീത് സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിച്ച് ഇൻസ്പെക്ഷൻ നടത്തി ലൈസൻസ് പെർമിറ്റ് അനുവദിക്കുന്നു.

അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയങ്ങളിൽ നിന്നും അനുവദിക്കുന്ന ലൈസൻസുകളുടെ ഫോറങ്ങൾ, ഫീസ്, കാലാവധി എന്നിവയുടെ വിശദ വിവരങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക

ക്രമ നമ്പർ	ഫോറം നമ്പർ	ഫീസ് `	ലൈസൻസ് കാലാവധി
(1)	(2)	(3)	(4)
1	അലോപ്പതി റീട്ടെയിൽ ഫോറം 20, ഫോറം 21	3,000	5 വർഷം
2	അലോപ്പതി ഹോൾസെയിൽ ഫോറം 20 ബി, ഫോറം 21 ബി	3,000	5 ,,
3	നിയന്ത്രിത മരുന്നുകൾ (Restricted licence) ഫോറം 20 എ	500	5 ,,
4	ഹോമിയോ റീട്ടെയിൽ ഫോറം 20 സി	250	5 ,,
5	ഹോമിയോ ഹോൾസെയിൽ ഫോറം 20 ഡി	250	5 വർഷം
6	പോയിസൺ പെർമിറ്റ് ഫോറം 11	250	1 ,,
7	പോയിസൺ ലൈസൻസ് ഹോൾസെയിൽ ഫോറം 7	1,000	1 ,,

(1)	(2)	(3)	(4)
8	പോയിസൺ ലൈസൻസ് റീട്ടെയിൽ ഫോറം 9	500	1 വർഷം
9	വാൻ ലൈസൻസ് 20 ബിബി/ 21 ബിബി	500	5 ,,
10	ഷെഡ്യൂൾ X, ഡ്രഗ്സ് റീട്ടെയിൽ ഫോറം 20 എഫ്	500	5 ,,
11	ഷെഡ്യൂൾ X, ഡ്രഗ്സ് ഹോൾസെയിൽ ഫോറം 20 ജി	500	5 ,,

ഈ കാര്യാലയത്തിൽ നിന്നും നൽകിവരുന്ന സേവനങ്ങളും സേവനം ലഭ്യമാക്കുന്ന കാലാവധിയും ചുവടെ പറയും വിധമാണ്.

	സേവനം	കാലാവധി
1.	മാനുഫാക്ചറിംഗ് ലൈസൻസ് (അലോപ്പതി, ഹോമിയോപ്പതി & കോസ്മെറ്റിക്സ്)	28 ദിവസം
2.	ലോൺ ലൈസൻസുകൾ (അലോപ്പതി, ഹോമിയോപ്പതി & കോസ്മെറ്റിക്സ്)	28 ,,
3.	രക്ത ശേഖരണ കേന്ദ്രം	14 ,,
4.	ലൈസൻസ് പുതുക്കൽ	25 ,,
5.	LVP ലൈസൻസ്	28 ,,
6.	നോൺ സ്റ്റാറ്റ്യൂട്ടറി സർട്ടിഫിക്കറ്റ് പുതുക്കൽ	10 ,,
7.	RMI പെർമിറ്റ് പുതുക്കൽ	21 ,,
8.	ND3 പെർമിറ്റ് പുതുക്കൽ	5 ,,
9.	ആയുർവേദ മാനുഫാക്ച്ചറിംഗ് ലൈസൻസ്	3 മാസം
10.	ആയൂർവേദ മാനുഫാക്ച്ചറിംഗ് ലോൺ ലൈസൻസ്	2 ,,
11.	ആയുർവേദ ലൈസൻസ് പുതുക്കൽ	3 ,,
12.	പോയ്സൺ പെർമിറ്റ് പുതുക്കൽ	3 ,,
13.	അലോപ്പതി/ഹോമിയോ വിൽപ്പന ലൈസൻസ്	28 ദിവസം
14.	അലോപ്പതി/ഹോമിയോ വിൽപ്പന ലൈസൻസ് പുതുക്കൽ	28 ,,
15.	സി.പി./ആർ.പി. അപ്രൂവൽ	28 ,,

(VII) പെർമിറ്റുകൾ

ഈ വകുപ്പിൽ നിന്നും താഴെ പറയും പ്രകാരം പെർമിറ്റുകൾ നൽകിവരുന്നു.

(എ) രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർക്ക് പെത്തിഡിൻ, മോർഫിൻ ഇൻജക്ഷനുകൾ വാങ്ങുന്നതിന് (ഫീസ് ആവശ്യമില്ല).

(ബി) എൻ.ഡി.പി.എസ്. നിയമം അനുസരിച്ച് പെത്തിഡിൻ, മോർഫിൻ, ഫെന്റനിൽ സിട്രേറ്റ് ഇൻജക്ഷനുകൾ എന്നിവ കൈവശം വയ്ക്കുന്നതിന് ലൈസൻസ് ലഭിച്ചിട്ടുള്ള ആശുപത്രികൾക്ക് അവ വാങ്ങുന്നതിനുള്ള പെർമിറ്റ് നൽകുന്നു. അപേക്ഷ ഫീസ് ` 1,000 ആണ്.

(സി) കാൻസർ രോഗികൾക്കുവേണ്ടി അംഗീകൃത പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് ഓറൽ മോർഫിൻ പ്രിപ്പറേഷനുകൾ വാങ്ങുന്നതിന് (ഫീസ് ആവശ്യമില്ല) ആർ.എം.ഐ. അംഗീകാരം നൽകുന്നു.

(ഡി) മീതൈൽ ആൾക്കഹോൾ, സയനൈഡുകൾ, ക്ലോറാൽ ഹൈഡ്രേറ്റ് എന്നീ വിഷ വസ്തുക്കൾ കൈവശം വയ്ക്കുന്നതിന് ` 250 ട്രഷറിയിൽ ഒടുക്കിയ ചെലാൻ സഹിതം നിശ്ചിത ഫോറത്തിൽ പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്.

(VIII) മറ്റുള്ളവയ്ക്കുള്ള ഫീസുകൾ

(1) ഫാർമസിസ്റ്റിന്റെ പേര് ലൈസൻസിന് ചേർക്കുന്നതിന്— ` 250.

(2) കോമ്പിറ്റന്റ് പേഴ്സൺ അംഗീകരിക്കുന്നതിന്— ` 500.

(3) നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റിന്— ` 500.

(4) കമ്പനി/ലാബ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദരുടെ അംഗീകാരം, എൻഡോഴ്സ്മെന്റ് എന്നിവ— ` 1,000.

(5) ആയുർവേദ/സിദ്ധ/യൂനാനി എന്നിവയിലെ ജി.എം.പി. പുതുക്കൽ— ` 1,000.

(6) ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ— ` 1,000.

(7) എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്— ` 1,000.

(IX) വിവരലഭ്യതയ്ക്കുള്ള മാർഗ്ഗം

താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് ഈ വകുപ്പിൽ നിന്ന് കൃത്യമായി പ്രസിദ്ധീകരിക്കുന്ന പൊതുജനങ്ങളറിയേണ്ട വിവരങ്ങൾ ഇവിടെ ലഭ്യമാണ്.

(എ) നിരോധിച്ച മരുന്നുകളുടെ പട്ടിക.

(ബി) ഗുണനിലവാരം ഇല്ലാത്ത മരുന്നുകളുടെ പട്ടിക.

(സി) വ്യാജ മരുന്നുകളുടെ പട്ടിക.

(ഡി) സുരക്ഷിതമായി രക്തദാനത്തിനും രക്ത സംഭരണത്തിനുമുള്ള വ്യവസ്ഥകൾ.

(ഇ) ഔഷധ നിർമ്മാതാക്കൾക്ക് ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ് (ജി.എം.പി.) സംബന്ധിച്ച വിവരങ്ങൾ.

(എഫ്) ദേശീയ ഔഷധ വില നിയന്ത്രണ സമിതി (എൻ.പി.പി.എ.)യുടെ വിജ്ഞാപന പ്രകാരമുള്ള വില നിയന്ത്രണ വിധേയമായിട്ടുള്ള മരുന്നുകളുടെ പട്ടിക.

(X) തർക്ക പരിഹാരം

പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന താഴെ പറയുന്ന വിധത്തിലുള്ള പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(എ) കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിൽപ്പന സംബന്ധിച്ച്.

(ബി) നിരോധിച്ച ഔഷധങ്ങൾ വിൽക്കുന്നതും മരുന്നുകൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച്.

(സി) ഗുണനിലവാരം നഷ്ടപ്പെടത്തക്കവിധം വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഔഷധങ്ങളെ സംബന്ധിച്ച്.

(ഡി) ഔഷധങ്ങൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച്.

(ഇ) ബില്ല് നൽകാതെ മരുന്ന് വിൽക്കുന്നത് സംബന്ധിച്ച്.

(എഫ്) സർക്കാർ ആശുപത്രിയിൽനിന്നും മരുന്നുകൾ നിയമവിരുദ്ധമായി കടത്തിക്കൊണ്ട് പോകുന്നത് സംബന്ധിച്ച്.

(ജി) ഡോക്ടർ നിർദ്ദേശിച്ച മരുന്നല്ലാതെ മാറ്റി വിൽപ്പന നടത്തുന്നത് സംബന്ധിച്ച്.

(എച്ച്) സൈക്കോട്രോപിക് മരുന്നുകൾ നിയമ വിരുദ്ധമായി വിൽപ്പന നടത്തുന്നത് സംബന്ധിച്ച്.

(ഐ) ലൈസൻസില്ലാതെ മരുന്നുകൾ നിർമ്മിക്കുന്നതോ വിൽക്കുന്നതോ സംബന്ധിച്ച്.

ശിക്ഷണ നടപടികളിൽ ലൈസൻസുകൾ സസ്പെന്റു ചെയ്യുക/റദ്ദു ചെയ്യുക/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക എന്നിവ ഉൾപ്പെടുന്നു.

(XI) പരിശോധനാ വിഭാഗം

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനാ വിഭാഗം തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയാണ്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധങ്ങളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ചു കൊടുക്കുന്നു. പരിശോധന നടത്തിയശേഷം ഗുണനിലവാരം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുക്കുന്നു.

(XII) സേവന നിലവാരം

ഔഷധങ്ങളുടെ ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ്, നിലവാരമുള്ള ഔഷധങ്ങളുടെ വിപണനം ഉറപ്പാക്കുക എന്നിവ ഈ വകുപ്പ് ലക്ഷ്യമാക്കുന്നു. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതിനായി ഔഷധ ഉപദേശക സമിതി പ്രവർത്തിക്കുന്നുണ്ട്.

(XIII) അവലോകനം

നിരന്തരമായ പരിശീലന പരിപാടികൾവഴി ലാബിന്റെയും ഉദ്യോഗസ്ഥരുടെയും അറിവും കഴിവും പരിപോഷിപ്പിക്കുന്നു. ഔഷധ പരിശോധനാ ലബോറട്ടറിയുടെ നിലവാരക്ഷമത മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഔഷധ പരിശോധനാ വിഭാഗത്തിന്റെ വിദഗ്ദ്ധ സംഘം സാങ്കേതിക പരിശോധന കൃത്യമായി നടത്താറുണ്ട്. ഈ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഉപദേശക സമിതി അവലോകനം ചെയ്യാറുണ്ട്.

ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
പബ്ളിക് ഹെൽത്ത്
ലബോറട്ടറിക്ക് സമീപം,
റെഡ്ക്രോസ് റോഡ്,
തിരുവനന്തപുരം-695 035,
ഫോൺ നമ്പർ: 2471896, 2473256,
ഫാക്സ്: 0471 2473256.
ഇമെയിൽ: dckerala@gmail.com
വെബ്സൈറ്റ്-www.dc.kerala.gov.in

(ഒപ്പ്)
ഡ്രഗ്സ് കൺട്രോളർ.